# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.67** — **03/12/2014-ൽ മറുപടിക്ക്**

## കാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
" പി. സി. ജോർജ്ജ്
" എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികളുടെ സംഖ്യ വർദ്ധിപ്പിച്ചു വരുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) | ഉണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കാൻസർ സംബന്ധമായ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയ ജില്ലകൾ ഏതെല്ലാമാണ് ; | | |
| (സി) | കാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയിട്ടുള്ളത് ; | (സി) | ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കുന്നതിന് ഈ സർക്കാരിൻെറ കാലത്ത് നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>(i) കാരുണ്യ ബനവലൻറ് ഫണ്ട്. ഈ പദ്ധതി പ്രകാരം വാർഷിക വരുമാനം മൂന്നു ലക്ഷം രൂപ വരെ ഉള്ളവർക്ക് രണ്ടുലക്ഷം രൂപ വരെയുള്ള ചികിൽസാസഹായം അനുവദിക്കുന്നു. (ii) സുകൃതം പദ്ധതി - 01-11-2014 മുതൽ നടപ്പിലാക്കിയ സുകൃതം പദ്ധതി പ്രകാരം B.P.L. വിഭാഗത്തിൽപ്പെടുന്ന ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിൽസാ സഹായം സർക്കാർ നൽകുന്നു. കൂടാതെ ആർ.സി.സി.യെ ടേർഷ്യറി ക്യാൻസർ കെയർപദ്ധതിയുടെ കീഴിൽ ഒരു സംസ്ഥാന ക്യാൻസർ ഇൻസ്ററിററ്യൂട്ടായി ഉയർത്തിയിട്ടുണ്ട്.<br>പ്രസ്തുത പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായമായി 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും അതുവഴി രോഗ നിർണ്ണയം വേഗത്തിലാക്കുവാനും ചികിൽസക്കുള്ള ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിനും സാധിക്കും. കൂടാതെ ജില്ലാ തലത്തിൽ ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്യാൻസർ രോഗ നിർണ്ണയവും തുടർ പരിശോധനകൾക്കും, സാന്ത്വന പരിചരണ ത്തിനുമുള്ള പരിശീലനവും നൽകി വരുന്നു. ആർ.സി.സിയിൽ 3D Conformal Radiotherapy, IMRT, IGRT, SRS, SRT എന്നീ അത്യന്താധുനിക ചികിൽസാ രീതികളും ഇത്തരം ചികിൽസ നൽകുന്നതിനുള്ള ടെലിതെറാപ്പി മെഷീനുകളായ ലീനിയർ ആക്സിലറേറ്ററുകൾ എന്നീ സൗകര്യങ്ങൾ തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Minimal Invasive Surgery, Limb Salvage Surgery, Sentinel limb node biopsy, Laser for Microlaryngeal Surgery എന്നീ നൂതന ശസ്ത്രക്രിയാ സൗകര്യവും ആർ.സി.സി. യിലും, എം.സി.സി.യിലും, ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് അവരുടെ ചികിത്സാ ചെലവുകൾ വഹിക്കുന്നതിന് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ് ? | (ഡി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് ചികിൽസാ ചെലവിനായി സർക്കാരിൻെറ വിവിധ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്.<br>വാർഷിക വരുമാനം 3 ലക്ഷം രൂപ വരെ ഉള്ളവർക്കായി രണ്ടു ലക്ഷം രൂപ വരെയുള്ള ചികിൽസാ സഹായം അനുവദിക്കുന്ന കാരുണ്യ ബനവലൻറ് ഫണ്ട്, ആരോഗ്യ സുരക്ഷാ കാർഡിൽ പേരുള്ള വർക്ക് പ്രതിവർഷം 70,000 രൂപ വരെയുള്ള ചികിൽസാ സഹായം Chiss+ പദ്ധതിപ്രകാരം നൽകി വരുന്നു. (Comprehensive Health Care Scheme). പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്നവർക്ക് പൂർണ്ണമായും സൗജന്യ ചികിൽസ, മെഡിക്കൽ അസിസ്ററൻറ് ടു ദി പൂവർ പദ്ധതി പ്രകാരം കേരള ആരോഗ്യ വകുപ്പിൽ നിന്നും 20,000 രൂപ വരെയുള്ള സാംപത്തിക സഹായം, മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസഫണ്ടിൽ നിന്നും അനുവദിക്കുന്ന സാംപത്തിക സഹാ ായം, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അനുവദിക്കുന്ന സഹായം - രാഷ്ട്രീയ ആരോഗ്യനിധി(RAN) ക്യാൻസർ രോഗികൾക്ക് പ്രതിമാസം 1000 രൂപ അനുവദിക്കുന്ന പെൻഷൻ സ്കീം, Endosulphan ബാധിതർക്കുള്ള സൗജന്യ ചികിൽസാ പദ്ധതി, കൂടാതെ 01-11-2014 മുതൽ B.P.L.-ൽ പെടുന്ന പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് മൂന്നു ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിൽസ അനുവദിക്കുന്ന സുകൃതം പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾക്ക് ക്യാൻസർ ചികിൽസക്ക് സമാനമായ ചികിൽസ ആവശ്യമായി വരുന്ന സാഹചര്യത്തിൽ 50,000രൂപ വരെ ചികിൽസാ സഹായം അനുവദിക്കുന്ന താലോലംപദ്ധതി, പതിനെട്ടു വയസ്സിനു താഴെയുള്ള കേരളത്തിൽ നിന്നുമുള്ള കുട്ടികൾക്ക് ക്യാൻസർ രോഗനിർണ്ണയം നടത്തിക്കഴിഞ്ഞാൽ കുട്ടിയുടെ ചികിൽസ പൂർണ്ണമായും സൗജന്യമായി നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി എന്നിവ നിലവിലുള്ള സഹായങ്ങളാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2009 മുതൽ 2014 വരെ ആർ.സി.സി.യിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ ജില്ല തിരിച്ചുള്ള വിശദാംശം

| ജില്ല | 2009-2010 | | 2010-2011 | | 2011-2012 | | 2012-2013 | | 2013-2014 | |
|---|---|---|---|---|---|---|---|---|---|---|
| | # | % | # | % | # | % | # | % | # | % |
| തിരുവനന്തപുരം | 2559 | 22.4 | 2512 | 21.6 | 2601 | 20.6 | 2748 | 20.8 | 2854 | 21.7 |
| കൊല്ലം | 1990 | 17.4 | 1988 | 17.1 | 2083 | 16.5 | 2188 | 16.5 | 2217 | 16.9 |
| പത്തനംതിട്ട | 654 | 5.7 | 651 | 5.6 | 702 | 5.6 | 700 | 5.3 | 704 | 5.4 |
| ആലപ്പുഴ | 679 | 5.9 | 619 | 5.3 | 692 | 5.5 | 742 | 5.6 | 728 | 5.5 |
| കോട്ടയം | 331 | 2.9 | 333 | 2.9 | 406 | 3.2 | 353 | 2.7 | 422 | 3.2 |
| ഇടുക്കി | 169 | 1.5 | 178 | 1.5 | 204 | 1.6 | 212 | 1.6 | 192 | 1.5 |
| എറണാകുളം | 534 | 4.7 | 537 | 4.6 | 494 | 3.9 | 506 | 3.8 | 553 | 4.2 |
| തൃശ്ശൂർ | 501 | 4.4 | 587 | 5.0 | 659 | 5.2 | 821 | 6.2 | 813 | 6.2 |
| പാലക്കാട് | 593 | 5.2 | 674 | 5.8 | 768 | 6.1 | 836 | 6.3 | 833 | 6.3 |
| കോഴിക്കോട് | 389 | 3.4 | 452 | 3.9 | 482 | 3.8 | 469 | 3.5 | 418 | 3.2 |
| മലപ്പുറം | 743 | 6.5 | 803 | 6.9 | 909 | 7.2 | 957 | 7.2 | 963 | 7.3 |
| വയനാട് | 85 | 0.7 | 75 | 0.6 | 94 | 0.7 | 113 | 0.9 | 106 | 0.8 |
| കാസർഗോഡ് | 157 | 1.4 | 179 | 1.5 | 175 | 1.4 | 203 | 1.5 | 170 | 1.3 |
| കണ്ണൂർ | 425 | 3.7 | 417 | 3.6 | 429 | 3.4 | 361 | 2.7 | 320 | 2.4 |
| മററുള്ളവ | 1615 | 14.1 | 1621 | 13.9 | 1899 | 15.1 | 2030 | 15.3 | 1835 | 14.0 |
| **ആകെ** | **11424** | | **11626** | | **12597** | | **13239** | | **13128** | |

## മലബാർ കാൻസർ സെന്റർ

| വർഷം | രോഗികൾ | തുടർചികിത്സയ്ക്ക് എത്തിയവർ |
|---|---|---|
| 2001 | 830 | 2714 |
| 2002 | 728 | 4508 |
| 2003 | 725 | 575 |
| 2004 | 623 | 5715 |
| 2005 | 635 | 5920 |
| 2006 | 1044 | 12815 |
| 2007 | 1031 | 15469 |
| 2008 | 1071 | 14678 |
| 2009 | 1745 | 23622 |
| 2010 | 2273 | 30132 |
| 2011 | 2631 | 37323 |
| 2012 | 3192 | 49659 |
| 2013 | 3867 | 57758 |
| 2014 (ഒക്ടോബർ വരെ) | 3741 | 43461 |